MNKM CHITTILAMCHERRY




# എം .എൻ .കെ .എം .എച് .എസ് .എസ്

## ചിറ്റിലഞ്ചേരി

ആലത്തൂർ താലൂക്കിലെ മേലാർകോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഏക ഹയർ സെക്കന്ററി സ്കൂളാണ് ചിറ്റിലഞ്ചേരി എം .എൻ .കെ . എം. ഹയർ സെക്കന്ററി സ്കൂൾ . ജൂൺ 1947 ന് സ്ഥാപിതമായ ഈ വിദ്യാലയം നീണ്ട 72 വർഷത്തിന്റെ പാര്യമ്പര്യവുമായി ശിരസ്സുയർത്തി നിൽക്കുന്നു. ഇന്ന് കേരള സംസ്ഥാനത്തിന്റെ ഒരു പ്രധാന ഘടകമായ അന്നത്തെ മലബാർ പ്രദേശം വിദ്യാഭ്യാസപരമായി വളരെ പിന്നിലായിരുന്നു.ഉൾഗ്രാമങ്ങളിൽ കുട്ടികൾക്ക് സെക്കന്ററി വിദ്യാഭ്യാസം ലഭിക്കാനുള്ള സാധ്യത വളരെ പരിമിതമായിരുന്നു.അങ്ങനെയൊരു കാലഘട്ടത്തിലാണ് ചിറ്റിലഞ്ചേരി പോലെയുള്ള ഒരു ഗ്രാമപ്രതേശത്ത് ഈ വിദ്യാലയം ആരംഭിക്കുന്നത്.കുനിശ്ശേരി,എരിമയൂർ,കാവശ്ശേരി,വടക്കഞ്ചേരി,കൊല്ലങ്കോട് എന്നീ വിദൂര പ്രദേശങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികൾ ഇവിടെ എത്തിയിരുന്നു എന്നത് ഈ സ്ഥാപനത്തിന്റെ ഗതകാല പ്രതാപം വിളിച്ചറിയിക്കുന്നു .

# ഏറ്റവും വലുത്



ലോകത്ത് ഏറ്റവും കൂടുതൽ ജലം ഉൾകൊള്ളുന്ന നദി ?
ആമസോൺ

ലോകത്തിലെ ഏറ്റവും വലിയ അണക്കെട്ട് ?

ത്രീഗോർജസ് ചൈന

ലോകത്തിലെ ഏറ്റവും നീളം കൂടിയ അണക്കെട്ട് ?
ഹിരാക്കുഡ് ഇന്ത്യ

ലോകത്തിലെ ഏറ്റവും ചെറിയ ഉപഗ്രഹം ആരുടെ പേരിലാണ് ?
എ പി ജെ അബ്ദുൽ കലാം

ഇന്ത്യ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യ ധാന്യമേത് ?
നെല്ല്

ഏറ്റവും കൂടുതൽ ആദിവാസികൾ ഉള്ള സംസ്ഥാനം ?
മധ്യപ്രദേശ്

കരയിലെ ഏറ്റവും ആഴം കൂടിയ ഭാഗം ?
ചാവുകടൽ

ഏറ്റവും വലിയ കൊടുമുടി ?
എവറെസ്റ്റ്

# ***കാർ റേസിംഗ്***





1880 ൽ പെട്രോൾ കാർ ഉണ്ടായതോടെ കാർ റേസിങ്ങിന്റെ കാലവും തുടങ്ങുന്നു.1894 ൽ പാരീസിൽ നടന്ന 80 കിലോമീറ്റർ മത്സര പരിധിയിലുള്ളതായിരുന്നു ചരിത്രത്തിൽ ആദ്യത്തെ കാർ റേസിംഗ്. 1900 ആകുന്നതോട് കൂടി ഫ്രാൻസിലും അമേരിക്കയിലും കാർ റേസിംഗ് വ്യാപകമായി. ഇന്ന് ലോകത്തു ഏറ്റവും കൂടുതൽ കാണികളുള്ള ഒരു ഇനമാണിത്.ടെലിവിഷനിലും സൈബർ മീഡിയയിലും കോടിക്കണക്കിന് ആളുകൾ ഉദ്വേഗത്തോടെ കാർ റേസിംഗ് കാണുന്നു. കാർ റേസിങ്കളെ സ്പോർട്സ് ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാർ റേസിംഗ് വിജയിക്കാനുള്ള ഡ്രൈവറുടെ മാനസിക സന്നദ്ധതയും ആത്മവിശ്വാസവും മറ്റേതൊരു കായിക മത്സരത്തെക്കാളും വളരെ മുന്നിലാണ്. പ്രത്യേകം നിർമിക്കുന്ന കാറുകളാണ് പന്തയങ്ങളിൽ ഉപയോഗിക്കുന്നത്. ലോകത്തു നടക്കുന്ന ഏറ്റവും പ്രശസ്തമായ മൂന്നു കാർ റേസിംഗ് മത്സരങ്ങൾ 1929 ൽ നടന്നുവരുന്ന മൊറോക്കോ ഗ്രാൻഡ് പിക്സും. ഇന്ത്യൻ പോളിസ് 500 ഉം 24 ഹൗറെഡ് ഓഫ് മാൻസ് ഉം ആണ്.

# വരകളിലൂടെ




# ഭാരതരത്ന



ഇന്ത്യ ഗവണ്മെന്റ് നൽകുന്ന ഏറ്റവും വലിയ ബഹുമതിയാണ് ഭാരതരത്ന. 1954-ലാണ് ഭാരതരത്ന നല്കിത്തുടങ്ങിയത് .ഒരു വർഷം പരമാവധി മൂന്നു പേർക്കാണ്ബഹുമതി നൽകുക.

ആദ്യ ഭാരതരത്ന പുരസ്കാരം ലഭിച്ചത് സി .രാജഗോപാലാചാരി ഡോ.എസ് രാധാകൃഷ്ണൻ ,സി .വി .രാമൻ എന്നിവർക്കാണ് .2019 ൽ നാനാജി ദേശ്മുഖ്,ഭൂപൻഹസാരിക ,പ്രണബ് മുഖർജി എന്നിവർക്കാണ് .ഏറ്റവും പ്രായം കുറഞ്ഞ ഭാരതരത്ന ജേതാവ് സച്ചിൻ ടെണ്ടുൽക്കറാണ് .

# ശിശുദിനം



ഓർക്കണം നാമിന്നു ചാച്ചാജിയയെ
ഭാരത ശിൽപിയാം ചാച്ചാജിയയെ
ഒന്നിച്ചു നിൽക്കണം നമ്മെളെന്നും
ഭാരത മണ്ണിനെ കാത്തിടാനായ്
കുട്ടികൾക്കാവോളം സ്നേഹം നൽകി
നല്ലപാഠങ്ങൾ പകർന്നുനൽകി
കുട്ടികൾക്കെന്നും വഴികാട്ടിയായി
നന്മതൻ സന്ദേശമേകിയെന്നും
ശിശുദിനമാഘോഷമാകണം നാം
സേവനം ചെയ്യണം ഒന്നിക്കണം
ശിശുവിന്റെ ഭാവം വെടിയാതെ നാം
സ്നേഹസ്വരൂപരായ് മുന്നേറണം !






സ്കൂൾ ഹെൽത്ത്




Corps Kerala
HOOL UNIT


സ്കൂൾ ഹെൽത്ത് കോർണർ

# സുഹൃത്ത്



സുര്യനെ പോലെ പ്രകാശിക്കും നീ...
നിന്റെ മനം പ്രകൃതിക്കു സമാനം
നിന്റെ സൗന്ദര്യം മഹിയാകെ പൂവണിയും ....
നിന്റെ മധുരമായ നാദം,
നദിയുടെ കളകളത്തിനു സമം .....
നിന്റെ സ്നേഹമാകട്ടെ വിശ്വ മാകെ മൊട്ടിടുന്നു...
വെളിച്ചവും നീയെ ...സന്തോഷവും നീയെ....
എന്റെ മനസ്സിലെ ദേവതയും നീ.....


അമൃത

# ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് സംസ്ഥാനത്തെ പല സ്കൂളുകളിലും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. .ഹാർഡ്‌വെയർ, ,ഇലക്ട്രോണിക്സ് ,സൈബർ സുരക്ഷ മലയാളം കമ്പ്യൂട്ടിങ് മൊബൈൽ ആപ് നിർമ്മാണം ,റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുന്നതാണ് ലിറ്റ്ൽ കൈറ്റ്സ് പദ്ധതി .കുട്ടികൾക്കായി പരിശീലനങ്ങൾക്കു പുറമെ വിദഗ്ധരുടെക്ലാസുകൾ,ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട് .സ്കൂളുകളിലെ ഹാർഡ്‌വെയർ പരിപാലനം, ,രക്ഷാകർത്തകൾക്കുള്ള കമ്പ്യൂട്ടർ ,മൊബൈൽ സാക്ഷരത എന്നിവയും നൽകിവരുന്നു .



# പുസ്തകം




അക്ഷരം ചിത്രങ്ങൾ
അറിവിൻ നറുങ്ങുകൾ
ആയിരം വാക്കുകൾ
എന്റെയുള്ളിൽ
എത്രയെടുത്താലും
ആർക്കും കൊടുത്താലും
ഒട്ടും കുറയില്ല
എന്നുമെന്നും !

# ഗാന്ധിജി *അഹിംസയുടെ ഈശ്വരൻ*



അഹിംസയുടെ ശക്തിയുടെയും മഹത്വത്തിന്റെയും വക്താവും പ്രയോക്താവുമായിരുന്ന മഹാത്മാ ഗാന്ധി. .സൂര്യനസ്തമിക്കാത്ത സാമ്രാജ്യവും മഹാ സൈനിക ശക്തിയുമായിരുന്ന ബ്രിട്ടനിൽ നിന്ന അദ്ദേഹം ഇന്ത്യയെ സ്വാതന്ത്രമാക്കിയത് അഹിംസ സമരത്തിലൂടെയാണ് .അഹിംസ ദൗർബല്യമോ നിസ്സഹായാവസ്ഥയോ അല്ല ,ധാർമികയുദ്ധമാണെന്ന അദ്ദേഹം ലോകത്തെ പഠിപ്പിച്ചു. ആയുധങ്ങൾ എതിരാളികളിൽ അക്രമാസക്തിയും മൃഗീയതയും വളർത്തുമ്പോൾ അഹിംസ _എതിരാളികളുടെ ധാർമിക മനഃസാക്ഷിയെയും മനുഷ്യ സ്നേഹത്തെയും ഉണർത്തുന്ന .നിലനില്പിന്റെയും വികസനത്തിന്റെയും അടിത്തറയായി അഹിംസയെ അംഗീകരിക്കുമ്പോഴേ ലോകത്തു സമാധാനം സംജാതമാകു.ഈ ഗാന്ധിയൻ ദർശനം നമ്മൾ കുട്ടികൾ ജീവിതത്തിൽ പാലിക്കപ്പെടുമ്പോൾ ലോകത്തു സമാധാനവും ഐക്യവും വരും തീർച്ച .







little KITEs

# സൃഷ്ടി



പൂവിടർത്തുന്ന വസന്തങ്ങളോരോന്നും
പൂവിടുന്ന കിനാക്കളാണ്.....
ചെന്താമരപോൽ വിരിയുന്ന മാസം
ള്ളമലർപ്പൂക്കൾ നിറഞ്ഞതാണ്
ശംഖിൻ്റ നാദം പോൽ സന്ധ്യസമയവും
ശാലീന ദീപ്തമാം പുലർകാല വേളയും

എന്നുമെൻ ചിത്തത്തിലാരോവരച്ചതാ
സുന്ദരശിൽപത്തിൻ വേരുപടർന്നു പോയ്......
കാലചക്രത്തിൻ ഭ്രമത്താൽ മറയുന്നു
കാരുണ്യ ദിപ്തമാം പൂക്കാല സന്ധ്യകൾ
മാനവർക്കായി ഭ്രമിയിലെത്തിയ
മാധുര്യമേറുന്ന പാനപാത്രംപോൽ

കാണുവാൻകണ്ണുകളില്ലാതെയാകുകിൽ
എങ്ങിനെ വാഴ്ത്തും നാമീശ്വരനെ....
പൂക്കളും പച്ചപ്പും പാട്ടും കിളികളും
നമ്മളറിയാത്ത നമ്മെയറിയുന്ന
നിയന്താവിൻ  സൃഷ്ടിയാണെന്നോർമ്മവേണം ....

by

ARUN & YADHU
9.A

# എന്റെ ലോകം



എനിക്ക് ജന്മം തന്നതാരോ
അവരാണെൻെറ ലോകം
എനിക്ക് ജന്മം തന്നതാരോ
അവരാണ് എൻെറ ദൈവം......

അച്ഛനമമ്മയുമാണെന്റെ  ലോകം
അച്ഛനമമ്മയുമാണെന്റെ ദൈവം
ഞാൻ പിറന്ന മണ്ണിൽ
ഇവരാണെൻെറ എല്ലാം ......

ARUN

# തുടിതാളം തേടി

നമ്മുടെ മാതാവു കൈരളി പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ
ഏടലർച്ചെക്കാൽച്ചിലങ്ക കിലുങ്ങിമാ
റോടിക്കളിച്ചു രസിച്ച കാലം
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പീകണ്ഠത്താൽ
പാടിയിരുന്ന പഴകഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)

BY

ARUN




National Green Corps Kerala
MNKMHSS HIGH SCHOOL UNIT


Go to the last image of the gallery




MNKMHSS


Interactive White Board

# MEETING




Interactive White Board




Interactive White Board


നന്ദി